നീണ്ടകര മൽസ്യബന്ധന തുറമുഖത്തിന്റെ പണി

1150 [1726] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീണ്ടകര മൽസ്യബന്ധന തുറമുഖത്തിന്റെ പണി ഏതു സ്റ്റേറ്റേജിലിരിക്കുന്നു ;

(ബി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കും ;

(സി) ഇതിനു വേണ്ടി എന്തുതുകയാണ് നീക്കിവച്ചിട്ടുള്ളത് ?

ഉത്തരം

(എ) നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ പ്രധാന പണികൾ പൂർത്തിയായിവരുന്നു. ഇതിനകം ഈ പദ്ധതി ഭാഗീകമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് .

(ബി) അടുത്ത സാമ്പത്തിക വർഷം (1987-88-ൽ).

(സി) എൺപത് ലക്ഷം (80,00,000) രൂപ ഈ സാമ്പത്തിക വർഷത്തിൽ, (1986-87-ൽ) നീക്കിവച്ചിട്ടുണ്ട് .

പഞ്ചായത്ത് നിയമനം

1151 [1727] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു നിയമം സമഗ്രമായി പരിശോധിച്ച് കാലാനുസൃതമായി മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കേരള പഞ്ചായത്തു നിയമത്തിന് സമഗ്രമായ മാറ്റം വരുത്താനുള്ള ഉദ്ദേശമില്ല. ആവശ്യമായ ഭേദഗതികൾ അപ്പോഴപ്പോൾ വരുത്താറുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്ത് ജീവനക്കാരുടെ പ്രമോഷൻ

1152 [1728] ശ്രീ. കെ. ഇ. ഇസ്മയിൽ :

,, എം. കെ. കേശവൻ :

,, കെ. വി. സുരേന്ദ്രനാഥ് :

ഡോക്ടർ എ. സുബ്ബറാവു :

ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് കോമൺ സർവ്വീസ് ഏർപ്പെടുത്തുന്നതിനു മുൻപ് ഹെഡ് ക്ലാർക്കായിട്ടുള്ള പഞ്ചായത്ത് ജീവനക്കാർക്ക് പ്രമോഷൻ ലഭിക്കുവാൻ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് പാസാകേണ്ടതില്ലായെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ ഉണ്ടായ കോടതി വിധിയുടെ അടിസ്ഥാനത്തിൽ എത്രപേർക്ക് റിവർഷൻ ഉണ്ടായി ?

ഉത്തരം

(എ) 18-4-1986-ാം തീയതിയിലെ ജി. ഒ. (എം. എസ്.) 81/86/തസ്വവ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് കോമൺ സർവ്വീസ് റൂൾസ് നിലവിൽ വരുന്നതിനുമുൻപ് (1-4-1977-ന്) ഉള്ള ഫെഡ് ക്ലാർക്ക് ആയിട്ടുള്ള ജീവനക്കാരെ മാനേജർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് ടെസ്റ്റ് യോഗ്യതയിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി 2-7-1986-ൽ 4657/86-ാം നമ്പർ ബി. എം. പി.യിൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം 18-4-1986-ലെ ജി. ഒ. (എം. എസ്.) 81/86-ാം നമ്പർ സർക്കാർ ഉത്തരവ് നടപ്പാക്കൽ താൽക്കാലികമായി നിരോധിച്ചിട്ടുണ്ട് ; കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ലാത്തതിനാൽ ചട്ടങ്ങളിൽ ഭേദഗതിയൊന്നും വരുത്തിയിട്ടില്ല.

(സി) റിവർഷൻ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർമാർക്കുള്ള പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ്

1153 [1729] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതി വിധി പ്രകാരം പഞ്ചായത്തു എക്സിക്യൂട്ടീവ് ആഫീസർമാരുടെ സീനിയോർട്ടി ലിസ്റ്റ് തയ്യാറാക്കണമെന്ന് എന്നാണ് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയത് ;

(ബി) ഇതുപ്രകാരം പഞ്ചായത്ത് ഡയറക്ടർ റിവർഷന് വിധേയമാകുന്ന എക്സിക്യൂട്ടീവ് ആഫീസർമാരുടെ ആക്ഷേപം എന്നാണ് ക്ഷണിച്ചത് ;

(സി) ആക്ഷേപം സ്വീകരിക്കുന്ന തീയതി കഴിഞ്ഞോ ; എങ്കിൽ ഇക്കാര്യത്തിൽ പഞ്ചായത്തു ഡയറക്ടർ അവസാന തീരുമാനം എടുക്കാത്തത് എന്തുകൊണ്ടാണ് ;

(ഡി) ഒരു ക്ലിപ്ത തീയതിക്കകം ഈ കാര്യം തീരുമാനിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 11-1-1984-ലെ ജി. ഒ. (ആർ. ടി.) 126/84/എൽ. എ. ആൻഡ് എസ്. ഡബ്ല്യു. ഡി. ഉത്തരവനുസരിച്ചാണ് ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന 1690/79, 3096/81, 3111/81 എന്നീ ഒ.പി.കളിൻമേലുള്ള 20-7-1983-ലെ വിധിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റ് പുനഃപരിശോധിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത് .

LIBRARY ARCHIVES Kerala Legislative Assembly